**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1614** **19-09-2025 - ൽ മറുപടിയ്ക്ക്**

**നാഷണൽ ഹൈവേക്കായി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരത്തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹൈവേ നിർമ്മാണത്തിനായി സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഭൂമി ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരത്തുക പൂർണമായും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; | (എ) | നാഷണൽ ഹൈവേ നിർമ്മാണത്തിനായി സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഭൂമി ഏറ്റെടുത്തതിന്റെ നഷ്ടപരിഹാര തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് പൂർണ്ണമായും നൽകാൻ സാധിച്ചിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ ഇനി വിതരണം ചെയ്യാനുള്ള സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | തിരുവനന്തപുരം ജില്ല : മംഗലപുരം ഗ്രാമ പഞ്ചായത്ത്, നാവായിക്കുളം പഞ്ചായത്ത്, വാട്ടർ അതോറിറ്റി, ബയോ ടെക്നോളജി ആൻഡ് മോഡൽ ഫ്ലോറി കൾച്ചറൽ സെന്റർ, ഗവ: എൽ.പി.എസ് കണിയാപുരം, ബ്ലോക്ക് റിസോഴ്സ് സെന്റർ, അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെന്റ്, ഗവ.എൽ.പി.എസ്.കോരാണി.<br><br>കൊല്ലം ജില്ല: കരുനാഗപ്പള്ളി ഗവണ്മെന്റ് ആശുപത്രി, വടക്കുംതല ആയുർവേദ ഗവണ്മെന്റ് ആശുപത്രി, ഗവണ്മെന്റ് മുസ്ലിം എൽ.പി.എസ് കരുനാഗപ്പള്ളി, ഗവണ്മെന്റ് എൽ.പി. എസ്.കമൻകുളങ്ങര, ഗവണ്മെന്റ് വി.എച്ച്.എസ്.എസ്. മീനാട്, നീണ്ടകര ഗ്രാമ പഞ്ചായത്ത്, പന്മന ഗ്രാമ പഞ്ചായത്ത്, ചവറ ഗ്രാമ പഞ്ചായത്ത്, ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത്, കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത്, കേരള വാട്ടർ അതോറിറ്റി, കെ.എം.എം. എൽ., ഇ.എസ്.ഐ. കോർപറേഷൻ, ഓച്ചിറ പോസ്റ്റോഫീസ്, പാരിപ്പള്ളി വില്ലേജ് ഓഫീസ്, കെ.ഐ.പി., കരുനാഗപ്പള്ളി ദേവസ്വം ബോർഡ്, ഓച്ചിറ രജിസ്ട്രാർ ഓഫീസ്.<br><br>ആലപ്പുഴ ജില്ല: പുറക്കാട് ഗ്രാമ പഞ്ചായത്തിലെ സാംസ്കാരിക നിലയം.<br><br>തൃശ്ശൂർ ജില്ല: ബ്ലോക്ക് പഞ്ചായത്ത് ബിൽഡിംഗ് തളിക്കുളം, തളിക്കുളം പഞ്ചായത്ത്, മലബാർ ഡിസ്ട്രിക്ട് ബോർഡ്, ഗവൺമെന്റ് ഹൈസ്കൂൾ തളിക്കുളം, ഒരുമനയൂർ ഗ്രാമപഞ്ചായത്ത്, പെരിഞ്ഞനം പഞ്ചായത്ത്, എം.യു.പി സ്കൂൾ ഏങ്ങണ്ടിയൂർ, പോസ്റ്റ് ഓഫീസ് കൈപ്പമംഗലം, കൈപ്പമംഗലം പഞ്ചായത്ത്, കൈപ്പമംഗലം വില്ലേജ് |

<table>
<tr><td></td><td></td><td></td><td>ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് മണത്തല, ഫിഷർ ഭവൻ മണത്തല, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്, കുടുംബാരോഗ്യകേന്ദ്രം എടക്കഴിയൂർ, കേരള വാട്ടർ അതോറിറ്റി ഏങ്ങണ്ടിയൂർ, ഫാമിലി വെൽഫെയർ സെന്റർ ഏങ്ങണ്ടിയൂർ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി.<br><br>മലപ്പുറം ജില്ല: ചീക്കോട്, മുതുവല്ലൂർ, അരീക്കോട്, തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തുകൾ.<br><br>കോഴിക്കോട് ജില്ല : ചോറോട് ഗ്രാമ പഞ്ചായത്ത്, വടകര മുനിസിപ്പാലിറ്റി.<br><br>കാസർഗോഡ് : മംഗൽപാടി ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>(സി)</td><td>നാഷണൽ ഹൈവേയുടെ ഓരോ സ്ട്രച്ചിലും ഇപ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള ആകെ കുടിശികത്തുക എത്രയാണെന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td>
<table>
<tr><th>ജില്ല</th><th>കുടിശ്ശിക</th></tr>
<tr><td>തിരുവനന്തപുരം</td><td>3,02,67,037/-</td></tr>
<tr><td>കൊല്ലം</td><td>1,62,25,13,060/-</td></tr>
<tr><td>ആലപ്പുഴ</td><td>1,18,31,555/-</td></tr>
<tr><td>തൃശ്ശൂർ</td><td>25,33,78,052/-</td></tr>
<tr><td>മലപ്പുറം</td><td>59,54,393/-</td></tr>
<tr><td>കോഴിക്കോട്</td><td>4,93,90,592/-</td></tr>
<tr><td>കാസർഗോഡ്</td><td>33,51,634/-</td></tr>
<tr><td>ആകെ</td><td>1,97,66,86,323/-</td></tr>
</table>
</td></tr>
<tr><td>(ഡി)</td><td>സർക്കാർ സ്ഥാപനങ്ങളുടെ സ്ഥലം ഏറ്റെടുക്കുന്നതിനും മറ്റു സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കുന്നതിനും ഒരേ നടപടിക്രമങ്ങൾ തന്നെയാണോ അനുവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;</td><td>(ഡി)</td><td>അതെ. 1956-ലെ ദേശീയപാത ആക്റ്റ് പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ടാണ് ഭൂമി ഏറ്റെടുത്തിട്ടുള്ളതും, 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ടിനും, കാലികമായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും അനുസൃതമായി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.</td></tr>
<tr><td>(ഇ)</td><td>സർക്കാർ സ്ഥാപനങ്ങളുടെ ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരത്തുക ഭൂമിയുടെ വില തുടങ്ങിയവ സംബന്ധിച്ച് നെഗോസിയേഷൻ ഉൾപ്പടെ കാര്യങ്ങൾ നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?</td><td>(ഇ)</td><td>ദേശീയപാതക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിന് നെഗോസിയേഷൻ ബാധകമല്ല</td></tr>
</table>

സെക്ഷൻ ഓഫീസർ